# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2022 ജനുവരി 14

## വാർത്താക്കുറിപ്പ്

---

## അന്തർ ദേശീയ ശില്പശാല 19 മുതൽ

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ബയോസയൻസസ്, യു.കെ.യിലെ സ്വാൻസിയ യൂണിവേഴ്സിറ്റി എന്നിവയുടെ സംയുക്താഭിമുഖ്യത്തിലുള്ള ദ്വിദിന അന്തർ ദേശീയ ശില്പശാല ജനുവരി 19, 20 തീയതികളിൽ നടക്കും. ദക്ഷിണേന്ത്യയിൽ കാണപ്പെടുന്ന ആൽഗേ ഇനത്തിൽപ്പെടുന്ന സസ്യജാലങ്ങളുടെ വ്യാവസായിക വിനിയോഗ സാധ്യതകളെക്കുറിച്ച് സംഘടിപ്പിച്ചിട്ടുള്ള ശില്പശാല 19 ന് ഉച്ചയ്ക്ക് 2.30 ന് മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ സഹകരണത്തോടെ നടത്തുന്ന ഓൺലൈനായി നടത്തുന്ന പരിപാടിയിൽ സ്കൂൾ ഓഫ് ബയോസയൻസസിലെ ഡോ. ജെ.ജി. റേ, സ്വാൻസിയ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള പ്രൊഫ. കാരൾ ആൻ ലെവലിൻ എന്നിവർ മുഖ്യ പ്രഭാഷണം നടത്തും. ആൽഗേ ഗവേഷണ മേഖലയിൽ നിന്നുള്ള നിരവധി വിദഗ്ധർ വിവിധ സെഷനുകളിലായി ശില്പശാലയിൽ പങ്കെടുക്കും. രണ്ടാം ദിവസം ഉച്ച കഴിഞ്ഞ് 3.30 ന് ആരംഭിക്കുന്ന ശില്പശാല രാത്രി 7.30 ന് സമാപിക്കും. കൂടുതൽ വിവരങ്ങൾ 9400992464, 9747377701 എന്നീ ഫോൺ നമ്പറുകളിലും theja.john@gmail.com, sayona_john@yahoo.com എന്ന ഇ-മെയിൽ വിലാസത്തിലും ലഭിക്കും.

(പി.ആർ.ഒ./39/63/2022)

## അപേക്ഷാതീയതി നീട്ടി

2021-22 അദ്ധ്യയനവർഷത്തിൽ യു.ജി./ പി.ജി. പ്രൈവറ്റ് രജിസ്ട്രേഷന് അപേക്ഷിക്കുവാനുള്ള തീയതി നീട്ടി. പിഴയില്ലാതെ ജനുവരി 31 വരെയും 1050 രൂപ പിഴയോടു കൂടി ഫെബ്രുവരി നാല് വരെയും 2100 രൂപ പിഴയോടു കൂടി ഫെബ്രുവരി എട്ട് വരെയും അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/64/2022)

## പരീക്ഷാ തീയതി

അഞ്ചാം സെമസ്റ്റർ ബി.ടെക്ക് (പഴയ സ്കീം - 1997 മുതൽ 2009 വരെയുള്ള അഡ്മിഷനുകൾ - മേഴ്സി ചാൻസ്) പരീക്ഷകൾ ഫെബ്രുവരി രണ്ടിന് ആരംഭിക്കും. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/65/2022)

## പരീക്ഷാ ഫലം

2021 ജൂലൈ മാസത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആൻഡ് റിസർച്ച് ഇൻ ബേസിക് സയൻസസ് (ഐ.ഐ.ആർ.ബി.എസ്.) നടത്തിയ ഒന്നാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഇന്റർഡിസിപ്ലിനറി മാസ്റ്റർ ഓഫ് സയൻസ് (2020-2025 ബാച്ച് - സയൻസ് ഫാക്കൽറ്റി - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/66/2022)

2021 ജൂലൈ മാസത്തിൽ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് നടത്തിയ ഒന്നാം സെമസ്റ്റർ എം.ടി.ടി.എം. - സപ്ലിമെന്ററി (ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി സ്റ്റഡീസ് ഫാക്കൽറ്റി - സി.എസ്.എസ്.) പരീക്ഷയുടെ ഫലം

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ